ഉത്തരം

(എ&ബി) 4 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. 6-2-2014, 7-7-2014, 5-8-2014, 2-8-2014 എന്നീ തീയതികളിലാണ് ലഭ്യമായത്.

(സി) കരിശ്ശമുട്-അടയ്ക്കാട്-അവിച്ചകുളം-തെങ്ങിനാൽ റോഡിന്റെ പുനരുദ്ധാരണത്തിനും ബ്ലാക്ക് ടോപ്പിംഗിനുമായി 2 കോടി രൂപയുടെ ഭരണാനുമതി ജി.ഒ. (ആർറ്റി.) നമ്പർ 687/2015 പൊ.മ.വ തീയതി 21-5-2015 പ്രകാരം നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി ഉടനെ നൽകുന്നതാണ്. ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ചാവക്കാട്-വടക്കാഞ്ചേരി റോഡ് പുനരുദ്ധാരണം

249 (5334) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച ചാവക്കാട്-വടക്കാഞ്ചേരി പി.ഡബ്ല്യു.ഡി. റോഡിലെ ചാട്ടുകുളംമുതൽ കുന്ദംകുളം വരെയുള്ള ഭാഗത്തെ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുതറോഡിന്റെ പുനരുദ്ധാരണം സമയബന്ധിതമായി തീർക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി വേഗത്തിൽ ചെയ്തു തീർക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2009-10 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച ചാവക്കാട്-വടക്കാഞ്ചേരി പി.ഡബ്ല്യു.ഡി. റോഡിലെ ചാട്ടുകുളംമുതൽ കുന്ദംകുളം വരെയുള്ള ഭാഗത്തെ റോഡ് പുനരുദ്ധാരണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതുകൊണ്ട് ടി കരാറുകാരനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. ബാക്കി പ്രവൃത്തികൾക്ക് വീണ്ടും ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാരാരും ടെണ്ടറിൽ പങ്കെടുക്കുവാൻ മുന്നോട്ട് വന്നിട്ടില്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലഅതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുവാൻ കാലതാമസം നേരിട്ടതുകൊണ്ടാണ് സമയബന്ധിതമായി പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം തീർക്കുവാൻ കഴിയാതെ പോയത്.

(സി) പ്രസ്തുത റോഡിന്റെ ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി

250 (5335) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കെട്ടിടങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണപ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കെട്ടിടങ്ങളും നിലവിലുള്ള അവസ്ഥയും പ്രവൃത്തി പൂർത്തീകരിക്കുന്ന കാലാവധിയെയും കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊട്ടാരക്കര ഗ്രാമീണ റോഡുകളുടെ നവീകരണം

251 (5336) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഗ്രാമീണറോഡുകളുടെ നവീകരണത്തിനായി എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം റോഡുകൾ നവീകരിച്ചു ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാതെ അവശേഷിക്കുന്നത് ഏതെല്ലാമാണ് ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകളുടെ പേരും ചെയിനേജും വെളിപ്പെടുത്തുമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly